# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| | |
|---|---|
| **നക്ഷത്ര ചിഹ്നമിടാത്ത**<br>**ചോദ്യം നമ്പർ: 4117** | **20.03.2018 - ൽ**<br>**മറുപടിയ്ക്ക്** |

## കാർഷിക സർവ്വകലാശാല ഉല്പാദിപ്പിക്കുന്ന കാർഷിക വിഭവങ്ങൾ, വിത്തുകൾ

| | |
|---|---|
| **ചോദ്യം**<br>**ശ്രീ.പി.കെ. ശശി** | **മറുപടി**<br>**ശ്രീ.വി.എസ്.സുനിൽ കുമാർ**<br>(കൃഷി വകുപ്പ് മന്ത്രി) |
| **എ)** കേരള കാർഷിക സർവ്വകലാശാലയിൽ നിലവിൽ സ്ഥിരം/താൽക്കാലികം ഉൾപ്പെടെ ഒട്ടാകെ എത്ര ജീവനക്കാരുണ്ട്; വിശദാംശം നല്കുമോ; ഇവർക്കായി ഒരു സാമ്പത്തിക വർഷം വേണ്ടി വരുന്ന ചെലവ് എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ; | **എ)** 3631, ജീവനക്കാരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br>ജീവനക്കാരുടെ ശമ്പള ഇനത്തിൽ ആകെ 212.8 കോടി രൂപ 2018-19 സാമ്പത്തിക വർഷത്തിൽ ചിലവ് പ്രതീക്ഷിക്കുന്നു.<br>ഇതിൽ അദ്ധ്യാപക വിഭാഗം ജീവനക്കാർക്ക് 83.47 കോടി രൂപയും അനദ്ധ്യാപക വിഭാഗം ജീവനക്കാർക്ക് 91.66 കോടി രൂപയും സ്ഥിരം തൊഴിലാളികൾക്ക് 25.94 കോടി രൂപയും കാഷ്വൽ തൊഴിലാളികൾക്ക് 11.73 കോടി രൂപയും ചിലവ് പ്രതീക്ഷിക്കുന്നു. |
| **ബി)** പ്രസ്തുത യൂണിവേഴ്സിറ്റിയിൽ ഉല്പാദിപ്പിക്കപ്പെടുന്ന കാർഷിക വിഭവങ്ങൾ, വിത്തുകൾ തുടങ്ങി എന്തെല്ലാം എന്നും അതിനായി ഓരോ വർഷവും ചെലവാക്കപ്പെടുന്ന തുക/വില്പനയിലൂടെ ലഭ്യമാകുന്ന തുക എത്ര എന്നതും പ്രസ്തുത പ്രവർത്തനം നിലവിൽ ലാഭകരമാണോ അല്ലയോ എന്നും വ്യക്തമാക്കുമോ; | **ബി)** നെല്ല്, പച്ചക്കറികൾ, തെങ്ങിൻ തൈകൾ, കവുങ്ങിൻ തൈകൾ, കുരുമുളക് തൈകൾ, കുറ്റിക്കുരുമുളക്, ജാതി (തൈകളും ഒട്ടുതൈകളും), ഗ്രാമ്പൂ, ഏലം, സർവ്വസുഗന്ധി, കറുവപ്പട്ട, കുടമ്പുളി, കാപ്പി, ഒട്ടുമാവ്, സപ്പോട്ട, പ്ലാവ്, വാഴക്കന്ന്, പൈനാപ്പിൾ, പേര, മങ്കോസ്റ്റിൻ, മറ്റ് ഫലവൃക്ഷങ്ങൾ, കടപ്ലാവ്, കശുമാവ് ഒട്ടുതൈകൾ, കൊക്കോ തൈകൾ, ഒട്ടുതൈകൾ, കായ്കൾ, കരിമ്പ് സെറ്റുകൾ, ഇഞ്ചി വിത്ത്, മഞ്ഞൾ വിത്ത്, മരച്ചീനി വിത്ത്, ചേന, കൂർക്ക കിഴങ്ങ്, എള്ള്, അലങ്കാരച്ചെടികൾ, ഇലച്ചെടികൾ, പൂച്ചെടിവിത്ത്, ഓർക്കിഡ്, ആന്തൂറിയം, ഒട്ടു വച്ച റോസ്, ലോൺ ഗ്രാസ്, ഔഷധസസ്യങ്ങൾ, ഇഞ്ചിപ്പുല്ല് എന്നിവയുടെ വിത്തുകൾ/നടീൽ വസ്തുകൾ തുടങ്ങിയവയും വിവിധതരം ജൈവ കീടനാശിനി/കുമിൾ നാശിനികളും, മറ്റ് കീട നിയന്ത്രണോപാധികളും സർവ്വകലാശാല ഉത്പ്പാദിപ്പിക്കുന്നുണ്ട്. |

സർവ്വകലാശാലയിൽ ഉല്പാദിപ്പിക്കപ്പെടുന്ന കാർഷിക വിഭവങ്ങൾ, വിത്തുകൾ തുടങ്ങിയവയ്ക്കായി 2016 - 2017 സാമ്പത്തിക വർഷത്തിൽ 40,67,91,955 രൂപ ചിലവഴിച്ചിട്ടുണ്ട്. വിൽപനയിലൂടെ ഈ ഇനത്തിൽ 3.47.21.120 രൂപ ലഭ്യമായിട്ടുണ്ട്.

**സി)** പ്രസ്തുത പ്രവർത്തനങ്ങൾക്കായി യൂണി വേഴ്സിറ്റിക്ക് ലഭിക്കുന്ന കേന്ദ്രസംസ്ഥാന സർക്കാർ സഹായം എത്ര എന്നതിന്റെ കഴിഞ്ഞ 5 വർഷ കണക്ക് വർഷം തിരിച്ച് ലഭ്യമാക്കുമോ;

**സി)**

| നമ്പർ | വർഷം | ലഭിച്ച ധനസഹായം (ലക്ഷം രൂപ) | |
|---|---|---|---|
| | | **പ്ലാൻ ഫണ്ട്** | **ഐ.സി.എ.ആർ.** |
| 1 | 2012-13 | 50.00 | 28.57 |
| 2 | 2013-14 | 150.00 | 57.81 |
| 3 | 2014-15 | 175.00 | 32.36 |
| 4 | 2015-16 | 90.00 | 35.87 |
| 5 | 2016-17 | 90.00 | 41.91 |

**ഡി)** കേരള കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും കാർഷിക ഉല്പന്നങ്ങൾക്കായുള്ള വിത്തുകൾ തുടങ്ങി കിഴങ്ങുവർഗ്ഗവിത്തുകൾ വരെ കർഷകർക്ക് ചുരുങ്ങിയ വിലയിലോ/ സൗജന്യമായോ നല്കവാനായി സർവ്വകലാശാലാധികൃതർ നിലവിൽ എന്തു നടപടി സ്വീകരിച്ചുവരുന്നു;

**ഇ)** ആയത് പരിഷ്കരിച്ച് കർഷകർക്ക് ചുരുങ്ങിയ ചിലവിൽ സൗജന്യമായി വിത്തു വിതരണം നടത്തുന്നത് സർക്കാർ പരിഗണിക്കുമോ; വ്യക്തമാക്കാമോ?

**ഡി) & ഇ)** കേരള കാർഷിക സർവ്വകലാശാല ഉല്പ്പാദിപ്പിക്കുന്ന വിത്തുകളും നടീൽ വസ്തുക്കളും സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളോട് ചേർന്ന് പ്രവർത്തിക്കുന്ന സെയിൽസ് കൗണ്ടറുകളിലൂടെ വിൽപ്പന നടത്തുന്നുണ്ട് ഇതിനു പുറമെ കൃഷി വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സന്നദ്ധ സംഘടനകൾ മുതലായവയ്ക്കും നടീൽ വസ്തുക്കൾ ഉല്പ്പാദിപ്പിച്ച് നൽകുന്നുണ്ട്. സർവ്വകലാശാലയുടെ വിത്തുകളും നടീൽ വസ്തുക്കളും മിതമായ നിരക്കിൽ കർഷകർക്ക് നൽകി വരുന്നതോടൊപ്പം കൃഷി ഭവൻ വഴി വിവിധ പദ്ധതികളിലൂടെ സൗജന്യ നിരക്കിൽ കർഷകർക്ക് വിതരണം നടത്തുന്നുമുണ്ട്.

**സെക്ഷൻ ഓഫീസർ**

<u>അനുബന്ധം</u>

| ക്രമ നമ്പർ | തസ്തിക | സ്ഥിരം ജീവനക്കാരുടെ എണ്ണം | താല്ക്കാലിക ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | അദ്ധ്യാപകർ | 369 | 412 |
| 2 | അനദ്ധ്യാപക വിഭാഗം ജീവനക്കാർ | 1168 | 560 |
| 3 | സ്ഥിരം തൊഴിലാളികൾ | 781 | 0 |
| 4 | കാഷ്വൽ തൊഴിലാളികൾ | 341 | 0 |

സെക്ഷൻ ഓഫീസർ